എക്സ്റേ അനുവദിക്കാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഇ) ഒൻപതാം പദ്ധതിയിൽ കേരളത്തിലെ നൂറ് പി.എച്ച്.സി. കളെ സി.എച്ച്.സി. കളായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഓരോ വർഷവും ഇത് നടപ്പിലാക്കി വരികയാണ്. തുടർന്നുള്ള വർഷങ്ങളിൽ ജി.എച്ച്. തൃപ്പയാറും സി.എച്ച്.സി. ആയി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

ആയുർവേദ ആശുപത്രികൾ ആരംഭിക്കുന്നതിന് നടപടി

99 (148) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ചേർപ്പ്, ആവണിശ്ശേരി പഞ്ചായത്തുകളിൽ ആയുർവേദ ആശുപത്രികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പാറളം ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പുതിയതായി ഹോമിയോ ആശുപത്രികൾ ആരംഭിക്കുമ്പോൾ കൂർക്കഞ്ചേരിയിൽ ഒരു ഹോമിയോ ആശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) നടപ്പ് സാമ്പത്തികവർഷം എവിടെയൊക്കെ പുതിയ ആയുർവേദ, ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കണമെന്നതും, ഏതൊക്കെ ആയുർവേദ ഡിസ്പെൻസറികളെ ആശുപത്രിയാക്കി ഉയർത്തണമെന്നതും സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

(സി) കൂർക്കഞ്ചേരിയിൽ ഒരു ഹോമിയോ ആശുപത്രി ആരംഭിക്കണം എന്ന് നിവേദനം ലഭിച്ചിട്ടുണ്ട്. പരിശോധിച്ച് തീരുമാനം എടുക്കാനേ കഴിയുകയുള്ളൂ.

കായംകുളം ഗവൺമെന്റ് ആയുർവേദ ആശുപത്രി

100 (149) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഗവൺമെന്റ് ആയുർവേദ ആശുപത്രി പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ട് എത്ര കാലമായി;

(ബി) ഈ ഗവൺമെന്റ് ആശുപത്രിയിലെ അടിയന്തിര ആവശ്യങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ട് 'കരുണ' സാംസ്കാരിക സമിതി രജിസ്റ്റർ നമ്പർ: എ 496/99 എന്ന സംഘടനയുടെ ഭാരവാഹികൾ കായംകുളം എം.എൽ.എ. മുഖേന നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിവേദനത്തിലെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനു വേണ്ടി കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കായംകുളം ഗവൺമെന്റ് ആയുർവേദ ആശുപത്രി 22.4.1999-ൽ പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടി സ്വീകരിക്കുന്നതാണ്.

ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി

101 (150) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ആവശ്യം പരിഗണിച്ച് ആറൻമുള നിയോജകമണ്ഡലത്തിൽ മുളക്കുഴ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(സി) നടപ്പ് സാമ്പത്തിക വർഷം എവിടെയൊക്കെ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്നതു സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

മരുന്നുകളുടെ ഗുണനിലവാരം

102 (151) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണനിലവാരം ഉറപ്പുവരുത്തി ഔഷധ വിതരണം നടത്തുന്നതിൽ വീഴ്ച സംഭവിച്ചത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വിൽക്കപ്പെടുകയും വിതരണം ചെയ്യപ്പെടുകയും ചെയ്യുന്ന ഔഷധങ്ങൾ ഗുണനിലവാരമുള്ളവയായിരിക്കുവാൻ വേണ്ട എന്തെങ്കിലും പുതിയ നടപടിക്രമം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗുണനിലവാരം ഉറപ്പ് വരുത്താതെ ഔഷധങ്ങൾ വിതരണം ചെയ്യുന്ന നിർമ്മാതാക്കൾക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഇക്കാര്യത്തിൽ പുതിയ നടപടിക്രമങ്ങളൊന്നും ആവിഷ്കരിച്ചിട്ടില്ല.

മരുന്നുവാങ്ങുന്നതിനുള്ള നടപടി

103 (152). ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ.കെ. മണി :
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഹെൽത്ത് സർവ്വീസസ് വകുപ്പിനാവശ്യമായ മരുന്നുകളിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ ലഭ്യമായവ അവിടെ നിന്ന് വാങ്ങണമെന്ന് ഉത്തരവ് ഇറക്കിയിരുന്നുവോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് പ്രസ്തുത ഉത്തരവ് പിൻവലിക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ ലഭ്യമായ മരുന്നുകൾ ഹെൽത്ത് സർവ്വീസസ് വകുപ്പ് അവിടെ നിന്നു വാങ്ങുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത കമ്പനി ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ ഹെൽത്ത് സർവീസസ് വകുപ്പിന്റെ ആവശ്യത്തിലേക്ക് വാങ്ങാത്തവരുടെ മേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ജി.ഒ. (എം.എസ്.) 179/84/എച്ച്.ഡി. തീയതി 2.7.1984 അനുസരിച്ച് ആരോഗ്യ വകുപ്പിനാവശ്യമായ മരുന്നുകളുടെ ലിസ്റ്റ് സി.പി.സി. അംഗീകരിച്ച് കമ്പനികൾക്ക് അയച്ചുകൊടുക്കുകയും ഈ കമ്പനികൾ നിരക്കു കാട്ടുചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം കാട്ടു ചെയ്യുന്ന നിരക്കിൽ കെ.എസ്.ഡി.പി. യാണ് ലോവസ്റ്റ് റേറ്റ് കാട്ടു ചെയ്തിട്ടുള്ളതെങ്കിൽ അവർക്കു നൽകും. പ്രസ്തുത ഉത്തരവിന് 28.1.1998-ലെ ജി.ഒ. (എം.എസ്) 17/98/ഐ.ഡി. പ്രകാരം താഴെ കാണുന്ന ഭേദഗതി വരുത്തുകയുണ്ടായിട്ടുണ്ട്. 1998-99-ൽ ആരോഗ്യ വകുപ്പിനാവശ്യമായ മരുന്നുകളുടെ 60% കെ.എസ്.ഡി.പി.ൽ നിന്നും സംസ്ഥാനത്തെ ഐ.എസ്.ഐ. യൂണിറ്റുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ കാട്ടു ചെയ്യുന്ന വിലയെക്കാൾ 20% പ്രൈസ് പ്രിഫറൻസ് നൽകി വാങ്ങുന്ന പ്രക്രിയ തുടരും ഇതിൽ സാധാരണ പ്രൈസ് പ്രിഫറൻസിനുപരിയായിട്ടുള്ള 10% പ്രൈസ് പ്രിഫറൻസ് തുക വ്യവസായ വകുപ്പ് ആരോഗ്യ വകുപ്പിനും കെ.എസ്.ഡി.പി.ക്കും 5% എന്ന നിരക്കിൽ റീഇമ്പേഴ്സ് ചെയ്യും.

(സി) കെ.എസ്.ഡി.പി. യിൽ ലഭ്യമായ മരുന്നുകൾ അവിടെ നിന്നുമാണ് വാങ്ങുന്നത്. എന്നാൽ ആരോഗ്യ വകുപ്പിനാവശ്യമായ മരുന്നുകൾ

LIBRARY ARCHIVES Kerala Legislative Assembly

യഥാസമയം വിതരണം ചെയ്യുവാൻ കെ.എസ്.ഡി.പി. ക്ക് കഴിഞ്ഞവർഷങ്ങളിൽ സാധിച്ചിട്ടില്ല. ഇതുമൂലം മരുന്നു വിതരണത്തിൽ തകരാറു സംഭവിക്കുകയും ആരോഗ്യ പരിപാലനരംഗത്ത് പ്രതിസന്ധിയുണ്ടാകുകയും ചെയ്യാനിടയാക്കുന്നു.

(ഡി) ഇപ്രകാരം ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. 1999-2000 വർഷത്തിലേയ്ക്ക് ആവശ്യമായ മരുന്നുകളുടെ ഓർഡർ കെ.എസ്.ഡി.പി.ക്ക് നൽകിയതിൽ മരുന്നു നൽകേണ്ട കാലാവധി കഴിഞ്ഞിട്ടും കെ.എസ്.ഡി.പി. ഇതുവരെ സപ്ലൈ നടത്തിയിട്ടില്ല. മാത്രമല്ല അടുത്തവർഷം മുതൽ വെറും 25 ഇനങ്ങൾക്ക് മാത്രമേ സപ്ലൈ ചെയ്യുവാൻ കഴിയുകയുള്ളുവെന്ന് കെ.എസ്. ഡി.പി. അറിയിച്ചിരിക്കുകയുമാണ്.

സംസ്ഥാനത്തെ വ്യാജ ഔഷധവിതരണം തടയാൻ നടപടി

104 (153) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ഗവൺമെന്റ് ആശുപത്രികളിൽ സൗജന്യ വിതരണത്തിന് വാങ്ങുന്ന ജീവൻരക്ഷാ ഔഷധങ്ങൾ വ്യാപകമായി വിറ്റഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ആരോഗ്യവകുപ്പിന് ആവശ്യമായ മരുന്നുകൾ കേരളാ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കലിൽ നിന്ന് വാങ്ങണമെന്ന നിർദ്ദേശം വകുപ്പ് അധികൃതർ പാലിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലേക്കും ഗവൺമെന്റ് ആശുപത്രികളിലേക്കും ഔഷധങ്ങൾ സെൻട്രൽ പർച്ചേസ് കമ്മിറ്റി ചട്ടപ്രകാരം വാങ്ങാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)&(ബി) വ്യാപകമായി വിറ്റഴിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. കെ.എസ്.ഡി.പി.യിൽ ലഭ്യമായ മരുന്നുകൾ അവിടെ നിന്നുമാണ് വാങ്ങിവരുന്നത്. എന്നാൽ ഓരോ വർഷവും ആരോഗ്യവകുപ്പിന് ആവശ്യമായ മരുന്നുകൾ കെ.എസ്.ഡി.പി. ക്ക് സപ്ലൈ ചെയ്യുവാൻ കഴിയാതെ വരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

(ഡി) അങ്ങനെയാണ് വാങ്ങിക്കൊണ്ടിരിക്കുന്നത്.

ന്യായവില മെഡിക്കൽ സ്റ്റോറുകൾ

105 (154) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ആശുപത്രികളിലാണ് ഇപ്പോൾ ന്യായവില മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ ആശുപത്രികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പല ന്യായവില മെഡിക്കൽ സ്റ്റോറുകളിലും ആവശ്യത്തിന് മരുന്ന് ലഭ്യമല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരം ജനറൽ ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലാതെ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവിടെ ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജനറൽ ആശുപത്രി-തിരുവനന്തപുരം, താലൂക്കാശുപത്രി-ചിറയിൻകീഴ്, ഗവൺമെന്റ് ആശുപത്രി-എറണാകുളം, ഗവ:ആശുപത്രി-മുളന്തുരുത്തി, താലൂക്കാശുപത്രി-മൂവാറ്റുപുഴ, തൃപ്പൂണിത്തുറ, നോർത്ത് പറവൂർ, ചാലക്കുടി താലൂക്കാശുപത്രി, കൊടുങ്ങല്ലൂർ താലൂക്കാശുപത്രി, ഇരിങ്ങാലക്കുട താലൂക്കാശുപത്രി, ചാവക്കാട് താലൂക്കാശുപത്രി, ജനറൽ ആശുപത്രി ചേർപ്പ്, ഗവൺമെന്റ് ആശുപത്രി, മാനന്തവാടി, കണ്ണൂർ ജില്ലാ ആശുപത്രി, മലപ്പുറം ജില്ലാ ആശുപത്രി എന്നീ ആശുപത്രികളിലും, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, തൃശൂർ എന്നീ മെഡിക്കൽ കോളേജുകളിലും ന്യായ വില മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി)&(ഡി) ടി മെഡിക്കൽ സ്റ്റോർ അടച്ചു പൂട്ടേണ്ടി വരുന്ന സാഹചര്യമൊന്നും ഇപ്പോൾ നിലവിലില്ല. മരുന്നുകൾ കമ്പനികളിൽ നിന്നും നേരിട്ടു വാങ്ങാനും, അപ്രകാരം ലഭിക്കാത്ത മരുന്നുകൾ നീതി മെഡിക്കൽ പദ്ധതിയിൽ നിന്നും വാങ്ങാനുമുള്ള സംവിധാനം നിലവിലുണ്ട്. വിതരണക്കാരിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് ആശുപത്രി സൂപ്രണ്ടിന് അധികാരം നൽകിയിട്ടില്ല എന്നതിനാൽ കമ്പനിക്കാർ ലഭ്യമാക്കാതിരിക്കുമ്പോഴും നീതി മെഡിക്കൽ പദ്ധതിയിൽ ലഭ്യമാകാതെ വരുമ്പോഴും ചില മരുന്നുകൾ ടി സ്റ്റോറിൽ ലഭ്യമല്ലാതെ വരുന്നുണ്ട്.

വാക്സിനുകളുടെ നിർമ്മാണം

106 (155) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ എന്തെല്ലാം വാക്സിനുകളാണ് നിർമ്മിച്ചിരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇപ്പോൾ എത്രകാലമായി പ്രസ്തുത വാക്സിനുകളുടെ നിർമ്മാണം നിറുത്തിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത വാക്സിനുകളുടെ നിർമ്മാണം നിറുത്തിവയ്ക്കുവാനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ആന്റി-റാബീസ് വാക്സിൻ ഉൾപ്പെടെയുള്ളവയുടെ ഉൽപ്പാദനത്തിന് പരിജ്ഞാനമുള്ള ജീവനക്കാരുടെ അഭാവത്തിലാണോ പ്രസ്തുത യൂണിറ്റുകൾ നിറുത്തൽ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ പബ്ലിക് ഹെൽത്ത് ലാബിൽ ആധുനികവൽക്കരണത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(എഫ്) ഇവിടെ നിറുത്തിവച്ചിട്ടുള്ള വാക്സിൻ ഉൽപ്പാദനം പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ജി) ഈ സ്ഥാപനത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുവാൻ വിദഗ്ദ്ധരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) കോളറ, റാബീസ്, ടൈഫോയിഡ് എന്നീ രോഗങ്ങൾക്കെതിരായുള്ള വാക്സിനുകളാണ് നിർമ്മിച്ചിരുന്നത്.

(ബി) 1993 ഒക്ടോബർ മാസത്തിൽ വാക്സിനുകളുടെ നിർമ്മാണം നിറുത്തി വച്ചു.

(സി)&(ഡി) ലോകാരോഗ്യസംഘടന നിർദ്ദേശിക്കുന്ന ഗുണനിലവാരം നിലനിറുത്താൻ കഴിയാത്ത സാഹചര്യത്തിൽ വാക്സിൻ ബോർഡ് ആവശ്യപ്പെട്ടതനുസരിച്ചാണ് വാക്സിൻ നിർമ്മാണം നിറുത്തിവച്ചത്.

(ഇ) സൈറ്റോപതോളജി, ഹിസ്റ്റോപതോളജി, തൈറോയിഡ് ഫങ്ഷൻ ടെസ്റ്റുകൾ എന്നിവ പുതുതായി ആരംഭിച്ചു. റിസൽറ്റുകൾ കമ്പ്യൂട്ടർവൽക്കരിച്ചു നൽകുവാനുള്ള പദ്ധതിയും ഉണ്ട്.

(എഫ്) ലോകാരോഗ്യസംഘടന നിർദ്ദേശിക്കുന്ന ഗുണനിലവാരമുള്ള വാക്സിൻ മാത്രമേ ഉൽപ്പാദിപ്പിക്കുവാൻ കഴിയുകയുള്ളൂ. ഇതിന് വളരെയേറെ സാമ്പത്തിക ബാദ്ധ്യതയുള്ളതും ആധുനിക സാങ്കേതിക വിദ്യ ആവശ്യമായതുമായ പരിഷ്ക്കാരങ്ങൾ ലാബിൽ വരുത്തേണ്ടതുണ്ട്.

(ജി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഗുണനിലവാരം കുറഞ്ഞ പാരസെറ്റമോൾ

107 (156) ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ മാസത്തിൽ സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞ പാരസെറ്റമോൾ ഗുളികകൾ വിതരണം ചെയ്യപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഗുളികകൾ എവിടെ ഉൽപ്പാദിപ്പിക്കപ്പെട്ടവയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന് ഉത്തരവാദികളായവർ ആരാണ്; അവർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശദവിവരം താഴെചേർക്കുന്നു.

ബാച്ച് നം:	നിർമ്മാതാവ്
2035	വിക്രം ലാബോറട്ടറീസ്, മുസിഫർ നഗർ

LIBRARY ARCHIVES Kerala Legislative Assembly

98021	ബെന്റ്ലെയ് ആന്റ് റെമിംഗ്ടൺ(പി) ലിമിറ്റഡ്, ബാംഗ്ലൂർ.
9007	കൺസെപ്റ്റ് ഫാർമസ്യൂട്ടിക്കൽസ്, ലിമിറ്റഡ് ഔറംഗാബാദ്
പി-5-8021	അപെക്സ് ലാബോറട്ടറീസ് (പി) ലിമിറ്റഡ്, തലന്തൂർ
98458	ബ്രെറ്റ് ഡ്രഗ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഇൻഡോർ
ടി.2991	വെർകെയർ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, ബിവാഡി.

(സി) അനന്തര നടപടികൾക്കായി മേൽപ്പറഞ്ഞ നിർമ്മാതാക്കളെ സംബന്ധിച്ച വിവരങ്ങൾ അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോളർമാരെ അറിയിച്ചിട്ടുണ്ട്.

മായം ചേർത്ത വെളിച്ചെണ്ണ

108 (157) ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ഡോക്ടർ കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മായം ചേർത്ത വെളിച്ചെണ്ണ വിപണിയിൽ വ്യാപകമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യത്തിന് ഹാനികരമായ ലികിഡ് പാരഫിൻ വെളിച്ചെണ്ണയിൽ ചേർക്കുന്നതായി അറിവുണ്ടോ;

(സി) എങ്കിൽ ഇത് കണ്ടുപിടിക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി ഇപ്പോൾ നിലവിലുള്ള പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുവാൻ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ)&(ബി) ഇല്ല.

(സി)&(ഡി) മായം ചേർക്കൽ പരിശോധിക്കുന്നതിനും, തടയുന്നതിനും ഇപ്പോൾ നിലവിലുള്ള സംവിധാനം കാര്യക്ഷമമാണ്.

ആരോഗ്യവകുപ്പിലെ ഒഴിവുകൾ

109 (158) ശ്രീ. പി. രാജു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ആരോഗ്യ പരിപാലനത്തിനുവേണ്ടി വിവിധ വിഭാഗം ജീവനക്കാരുടെ എത്ര ഒഴിവുകളുണ്ട്;

(ബി) ഓരോ കാറ്റഗറിയിലും എത്ര വീതം;

(സി) ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമൂലം അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)

1.	ട്രീറ്റ്മെന്റ് ഓർഗനൈസർ	-	29
2.	ഓഫ്താൽമിക് അസിസ്റ്റന്റ് - റിഫ്രാക്ഷനിസ്റ്റ്/ഓർത്തോപിസ്റ്റ്	-	57
3.	ഡെന്റൽ ഹൈജിനിസ്റ്റ്	-	24
4.	ഡെന്റൽ മെക്കാനിക്	-	4
5.	റേഡിയോഗ്രാഫർ	-	32
6.	എക്സ്റേ ടെക്നീഷ്യൻ	-	21
7.	ബയോളജിസ്റ്റ്	-	3
8.	അസി:എന്റമോളജിസ്റ്റ്	-	1
9.	ഫൈലേറിയ ഇൻസ്പെക്ടർ ഗ്രേഡ്1	-	24
10.	ടെക്നിക്കൽ അസി: ഗ്രേഡ്-1 (ലെപ്രസി)	-	1
11.	ലെപ്രസി ഇൻസ്പെക്ടർ	-	274
12.	ജനറൽ ഫിസിയോതെറാപിസ്റ്റ്	-	3
13.	വി.വി. സോഷ്യൽ വർക്കർ	-	3
14.	ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1	-	6
15.	ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-2	-	11
16.	ജില്ലാ മലേറിയ ഓഫീസർ	-	12
17.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1	-	95
18.	ക്ലിനിക്കൽ സൈക്കോളജിസ്റ്റ്	-	2
19.	സൈക്യാട്രിക് സോഷ്യൽ വർക്കർ	-	4
20.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	-	35
21.	ലേഡി ഹെൽത്ത് സൂപ്പർവൈസർ	-	8
22.	ജില്ലാ പബ്ലിക് ഹെൽത്ത് നഴ്സ്/പബ്ലിക് ഹെൽത്ത് ഇൻസ്ട്രക്ടർ	-	12
23.	മെറ്റേണിറ്റി ആന്റ് ചൈൽഡ് ഹെൽത്ത്		

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസർ	-	12
24. ഡെപ്യൂട്ടി ഡി.ഇ.എം.ഒ.	-	9
25. ഹെൽത്ത് എഡ്യൂക്കേഷൻ ഇൻസ്ട്രക്ടർ	-	2
26. സ്റ്റേറ്റ് മീഡിയ ഓഫീസർ	-	2
27. ഫൈലേറിയ ഇൻസ്പെക്ടർ ഗ്രേഡ്-2	-	10
28. കമ്മ്യൂണിക്കേഷൻ ഓഫീസർ	-	2

(സി) ചില തസ്തികകൾ നികത്തുന്നതിന് പല കാരണങ്ങൾകൊണ്ടും കാലതാമസം ഉണ്ടാകാറുണ്ട്.

(ഡി) ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി. യെ അറിയിക്കുകയും അടിയന്തിര നിയമനത്തനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രൊമോഷൻ വഴി നികത്താനുള്ള ഒഴിവുകൾക്ക് ആയതിന് അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. ചില തസ്തികകൾ ബഹു: ഹൈക്കോടതിയുടെ സ്റ്റേ മുഖാന്തിരം ഒഴിഞ്ഞ് കിടക്കുന്നതിനാൽ, സ്റ്റേ ഉത്തരവ് മാറ്റിക്കിട്ടുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക

110 (159) <u>ശ്രീ. പി. വിശ്വൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇപ്പോൾ ഈ തസ്തികയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ താൽക്കാലികാടിസ്ഥാനത്തിൽ യോഗ്യതയുള്ളവരിൽ നിന്ന് നിയമനം നടത്തുമോ എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 2 (രണ്ട്)

(ബി) നിലവിലുണ്ട്.

(സി) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളതിനാൽ താൽക്കാലിക നിയമനം നടത്തുവാൻ കഴിയുകയില്ല.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

111 (160) <u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിലെ നഴ്സുമാരുടെ എണ്ണം എത്ര;

(ബി) അവയിൽ സ്ഥിരപ്പെടുത്താത്തവരായി എത്രപേരാണ് ഇപ്പോൾ ഉള്ളത്; അവരിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക എന്നീ ഓരോ വിഭാഗങ്ങളിലും ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം എത്രവീതം എന്ന് വ്യക്തമാക്കുമോ; ഇവരിൽ അഞ്ചുവർഷം പൂർത്തീകരിച്ചവർ ഉണ്ടോ; എങ്കിൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷവർഷത്തിൽ പട്ടികജാതിക്കാരായിട്ടുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയപ്പോൾ ആരോഗ്യ വകുപ്പിലെ താൽക്കാലിക ജീവനക്കാരായ നഴ്സുമാരെക്കൂടി സ്ഥിരപ്പെടുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇവരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 7725

(ബി) പി.എസ്.സി. ലിസ്റ്റില്ലാത്ത ജില്ലകളിൽ ഗവൺമെന്റ് നഴ്സിംഗ് സ്കൂളുകളിൽനിന്നും കോഴ്സ് പൂർത്തിയാക്കുന്നവരെ പി.എസ്.സി. ഉപദേശിക്കുന്നവരുടെ നിയമനംവരെ താൽക്കാലികമായി നിയമിക്കുന്നുണ്ട്. അവരടക്കം

സ്ഥിരപ്പെടുത്താത്തവർ	1657
പട്ടികജാതി	174
പട്ടികവർഗ്ഗം	50
പിന്നോക്ക	463
അഞ്ച് വർഷം പൂർത്തീകരിച്ചവർ	122

(സി) മുകളിൽ പറഞ്ഞ പ്രകാരം നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ല.

(ഡി) തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

താൽക്കാലിക ഡ്രൈവർമാർ

112 (161) ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ താൽക്കാലിക അടിസ്ഥാനത്തിൽ എത്ര എൽ.എം.വി. ഡ്രൈവർമാർ ജോലിചെയ്തു വരുന്നു;

(ബി) ഓരോ വകുപ്പിലും വാഹനം വാങ്ങുന്നത് അപ്രൂവ്ഡ് പോസ്റ്റ് ഉണ്ടാക്കിയതിനുശേഷം മാത്രമേ പാടുള്ളൂ എന്ന പി. ആന്റ് എ.ആർ.ഡി. സർക്കുലർ നിലവിലുള്ളപ്പോൾ ആരോഗ്യവകുപ്പിൽ പോസ്റ്റ് ഉണ്ടാക്കാതെ വാഹനം വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണം എന്ന് വ്യക്തമാക്കുമോ;

(സി) താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട് പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം ആരോഗ്യവകുപ്പ് പാലിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരോഗ്യവകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ താൽക്കാലിക അടിസ്ഥാനത്തിൽ എൽ.എം.വി. ഡ്രൈവർമാർ ആരുംതന്നെ ജോലിചെയ്യുന്നില്ല.

(ബി) അപ്രകാരം വാഹനങ്ങൾ ഒന്നുംതന്നെ വാങ്ങിയിട്ടില്ല. എന്നാൽ ഭാരതസർക്കാരും ലോകാരോഗ്യ സംഘടന തുടങ്ങിയവയും ചില പ്രത്യേക പദ്ധതികളനുസരിച്ച് വാഹനങ്ങൾ നൽകാറുണ്ട്.

(സി)&(ഡി) ഉണ്ട്.

ആശുപത്രി ജീവനക്കാരുടെ പെരുമാറ്റം

113 (162) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.ടി. ഹോസ്പിറ്റലിൽ വരുന്ന രോഗികളോട് പ്രസ്തുത ഹോസ്പിറ്റലിലെ ജീവക്കാർ വളരെ മോശമായിട്ടാണ് പെരുമാറുന്നത് എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് കഴിഞ്ഞ 1999 ആഗസ്റ്റ് മുതൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ആരുടെയൊക്കെ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പരാതികളിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചില ജീവനക്കാരുടെ പെരുമാറ്റത്തെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) താഴെപ്പറയുന്നവരിൽനിന്ന് നാല് പരാതികൾ കിട്ടിയിട്ടുണ്ട്.

1. പേരൂർക്കട വില്ലേജിൽ വാഴോട്ടുകോണം ദേശത്ത് മസ്ജിദ ലയിനിൽ ചെന്നഞ്ചേരി പുത്തൻവീട്ടിലെ മുഹമ്മദ്ഹംസ.

2. കിളിമാനൂർ തൊളിക്കുഴി സ്വദേശി ജാഫർ.

3. കിഴക്കുംഭാഗം ചിതറ പി.ഒ., (കൊല്ലം), ഇന്ദിരാഭവനിൽ എസ്. അജയകുമാർ.

4. നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് പഞ്ചായത്തിൽ വെഞ്ഞാറമൂട്ടിൽ കെ.കെ. ഹൗസിൽ ബഷീർ.

(സി)&(ഡി) ഒന്നാമത്തെ പരാതിയിൻമേൽ നഴ്സിംഗ് സൂപ്രണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മനുഷ്യാവകാശ സമിതിയിൽനിന്ന് ഇതേ പരാതി ലഭിക്കുകയും, ഗൈനക്കോളജി വിഭാഗം മേധാവിയെ അന്വേഷണം നടത്താൻ ചുമതലപ്പെടുത്തുകയും ചെയ്തു. പരാതിക്കാരൻ അന്വേഷണത്തിന് ഹാജരായിട്ടില്ല. രണ്ടാമത്തെ പരാതിയിൻമേൽ എസ്.എ.ടി. ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട് എൻക്വയറി നടത്തി. കുറ്റക്കാർക്കെതിരെ ശിക്ഷണ

LIBRARY ARCHIVES Kerala Legislative Assembly

നടപടി കൈക്കൊള്ളുന്നതാണ്. മൂന്നാമത്തെ പരാതിയിൻമേൽ എൻക്വയറി നടത്തി കുറ്റക്കാരെന്നുകണ്ടവരെ ലേണർ റൂമിൽനിന്ന് മാറ്റാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നാലാമത്തെ പരാതി വിശദമായ അന്വേഷണം നടത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി മെഡിക്കൽ വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് ലഭിച്ചാലുടൻ കുറ്റക്കാരെന്ന് കാണുന്നവരുടെ പേരിൽ മേൽനടപടി സ്വീകരിക്കുന്നതാണ്.

വെള്ളകുളം ആദിവാസി ഊരിൽ പട്ടിണിമരണം

114 (163) ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോളയൂർ പഞ്ചായത്തിലെ വെള്ളകുളം ആദിവാസി ഊരിൽ പട്ടിണിമരണം ഉണ്ടായിട്ടുണ്ടോ;

(ബി) പട്ടിണിമൂലം മരിച്ചു എന്നാരോപിക്കപ്പെട്ടവരുടെ രോഗം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ രോഗം ഭക്ഷണമില്ലായ്മമൂലം ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ടോ;

(ഡി) പട്ടിണിമരണം ഉണ്ടായതായി ആരോപിക്കപ്പെടുന്നവർക്ക് സ്ഥിരതൊഴിലും വരുമാനമാർഗ്ഗവും ഉണ്ടായിരുന്നുവോ;

(ഇ) എങ്കിൽ അതു സംബന്ധിച്ച് വിശദവിവരം നൽകുമോ?

ഉത്തരം

(എ)&(ബി) പട്ടിണിമൂലം മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഏഴുപേർ മരിച്ചതിൽ മൂന്നുപേർ ആസ്ത്മാ രോഗികളായിരുന്നു. ഒരാൾക്ക് കാൻസറും, ഒരാൾക്ക് വാതവും, പനിയും, മറ്റൊരാൾക്ക് നെഞ്ചുവേദനയും ഒരാൾക്ക് പനിയുമായിരുന്നു.

(സി) ഇല്ല.

(ഡി)&(ഇ) ബാധകമല്ല.

വിഴിഞ്ഞം തുറമുഖ വികസന കരാർ

115 (164) ശ്രീ. ജി. കാർത്തികേയൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ൽ യു.ഡി.എഫ്. ഗവൺമെന്റും കുമാർ ഗ്രൂപ്പ് കമ്പനിയും തമ്മിൽ വിഴിഞ്ഞം തുറമുഖ വികസനം സംബന്ധിച്ച് ഒരു കരാർ ഉണ്ടാക്കുവാൻ തീരുമാനിക്കുകയും കരാർ ഉണ്ടാക്കുകയും ചെയ്തിരുന്നോ;

(ബി) എങ്കിൽ ഈ കരാറിൽനിന്ന് ഇപ്പോഴത്തെ ഗവൺമെന്റ് ആദ്യ കാലത്ത് പിൻവാങ്ങിയിരുന്നുവോ;

(സി) പിന്നീട് ഈ കമ്പനിയുമായി സംസ്ഥാന ഗവൺമെന്റ് വിഴിഞ്ഞം തുറമുഖവികസനം സംബന്ധിച്ച കരാർ ഉണ്ടാക്കിയോ;

LIBRARY ARCHIVES Kerala Legislative Assembly